LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പോയ്ക്ക് വേണ്ടി മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച മൂന്ന് കോടി രൂപ ഉപയോഗിച്ച് ബസ് സ്റ്റേഷൻ കെട്ടിടത്തിന്റെ പണികൾ പൂർത്തിയായിട്ടുണ്ട്. ഗ്യാരേജിന്റെ ഫിനിഷിംഗ് ജോലികൾ, വൈദ്യുതീകരണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. യാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ.ടി.സി.-യുടെ Project Management Consultancy ആയ M/s. HLL Lifecare Ltd.നെ ഏർപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തി ചെയ്യുന്നതിന് 6-5-2021-ൽ തനതു ഫണ്ടിൽ ഉൾപ്പെടുത്തി 1,45,30,893 രൂപയുടെ ഭരണാനുമതി കെ.എസ്.ആർ.ടി.സി. നൽകിയിട്ടുണ്ട്. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിലുള്ള സാങ്കേതിക തടസ്സംമൂലം യാർഡിന്റെ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറിയാൽ യാർഡിന്റെ പ്രവൃത്തികൂടി പൂർത്തിയാക്കി ഡിപ്പോ ഉദ്ഘാടനത്തിന് സജ്ജമാകുന്നതാണ്.

വടകര കെ.എസ്.ആർ.ടി.സി. ഇൻഫർമേഷൻ

254(1239) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയത് പരിശോധിക്കുകയുണ്ടായോ;

(ബി) പ്രസ്തുത ഇൻഫർമേഷൻ സെന്ററിന്റെ സേവനം നിർത്തലാക്കിയത് കാരണം ദൂരദേശങ്ങളിൽനിന്നും വരുന്നവർക്കും മറ്റ് യാത്രക്കാർക്കും കെ.എസ്.ആർ.ടി.സി. സേവനങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) മറ്റ് പൊതുഗതാഗത സൗകര്യങ്ങൾ അപ്രാപ്യമായ ഈ കോവിഡ് കാലത്ത് ഇത്തരം ഇൻഫർമേഷൻ സെന്ററുകൾ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും എന്ന് സർക്കാർ കരുതുന്നുണ്ടോ?

ജനങ്ങൾക്ക് ഉപകാരപ്രദമായ വടകരയിലെ ഇൻഫർമേഷൻ സെന്റർ നിർത്തലാക്കിയിട്ടില്ല. പ്രദേശം കോവിഡ് വ്യാപനത്തെ തുടർന്ന് ടിപ്പിൾ ലോക്ക് ഡൗൺ ഏർപ്പെടുത്തിയപ്പോൾ മാത്രമാണ് ഇത് അടച്ചിട്ടിരുന്നത്.

(ഡി) എങ്കിൽ പ്രസ്തുത ഇൻഫർമേഷൻ സെന്റർ പുനഃസ്ഥാപിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

ബാധകമല്ല.